പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1410** **13. 06. 2014-** ലെ മറുപടി

<u>ഗൾഫിൽ നിന്നു മടങ്ങിയ പ്രവാസികൾക്ക പദ്ധതി</u>

<u>ചോദ്യം</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>
<u>ഡോ. എൻ. ജയരാജ്</u>
<u>ശ്രീ. പി.സി. ജോർജ്</u>

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) ജോലി നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും സംസ്ഥാനത്ത് മടങ്ങി വന്നിട്ടുള്ള പ്രവാസികളുടെ ഉന്നമനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(എ) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. ഇതിനു പുറമേ, നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു സമഗ്ര പുനരധിവാസപദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രധാനമായും അഞ്ച് ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്. (1)മടങ്ങിയെത്തിയ പ്രവാസികളുടെ പുനർ എമിഗ്രേഷൻ (2) തിരികെയെത്തിയ പ്രവാസികളുടെ ആഭ്യന്തര തൊഴിൽ മേഖലയിലെ പുനർ സംയോജനം (3) വ്യവസായ സംരംഭക സഹായ പദ്ധതി (4) പ്രവാസി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക (5)സ്വയംതൊഴിൽ/സംസ്ഥാനത്തെ നിക്ഷേപ സാധ്യത.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസികൾക്ക് പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്കായുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പദ്ധതിയിൻകീഴിൽ ചുരുങ്ങിയത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പുസാമ്പത്തികവർഷം എത്ര പ്രവാസികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നും ആയതിലേക്ക് എത്ര തുക നീക്കിവയ്ക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) 2014– 15 സാമ്പത്തിക വർഷത്തിൽ പ്രവാസി പുനരധിവാസത്തിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് 400 – 600 പേർക്ക് ആനുകൂല്യം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ